# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3613 — 20.06.2018-ൽ മറുപടിയ്ക്ക്

## ബി.എസ്.സി.മെഡിക്കൽ ബയോകെമിസ്ട്രി കോഴ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്** | **കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ബി.എസ്.സി.മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി.മെഡിക്കൽ മൈക്രോബയോളജി എന്നീ നാലുവർഷ കോഴ്സുകളിലേക്കുള്ള 2018-19 അദ്ധ്യയനവർഷത്തെ പ്രവേശന നടപടികൾ നിർത്തിവച്ചിരിക്കുകയാണോ ;വിശദാംശങ്ങൾ നല്കുമോ; | (എ) | 2018-19 അദ്ധ്യയന വർഷത്തെ നഴ്സിംഗ്/ പാരാമെഡിക്കൽ പ്രൊഫഷണൽ കോഴ്സുകളുടെ പ്രോസ്പെക്ടസിൽ ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി.മെഡിക്കൽ മൈക്രോബയോളജി എന്നീ പാരാമെഡിക്കൽ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ കോളേജുകളിൽ പ്രസ്തുത കോഴ്സുകൾ നടത്തുന്നില്ല. സംസ്ഥാനത്ത് 2 സ്വാശ്രയ കോളേജുകളിലാണ് പ്രസ്തുത കോഴ്സുകൾ നടത്തുന്നത്. ബി.എസ്.സി.മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി കോഴ്സുകൾ സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണ്; ഏതെല്ലാം സർവ്വകലാശാലകൾക്ക് കീഴിലാണ് ഈ കോഴ്സുകൾ നടത്തിയിരുന്നത്; വ്യക്തമാക്കുമോ; | (ബി) | 1992 മുതൽ പ്രസ്തുത കോഴ്സുകൾ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിക്കുകയും തുടർന്ന് യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്/ കണ്ണൂർ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകൾ നടത്തിവരികയും ചെയ്തിരുന്നു. കേരള ആരോഗ്യസർവ്വകലാശാല നിയമം, 2010 ലെ അദ്ധ്യായം 7 ഭാഗം 50 പ്രകാരം സംസ്ഥാനത്തെ ബന്ധപ്പെട്ട എല്ലാ കോഴ്സുകളും, നിയമം നിലവിൽ വന്ന തീയതി മുതൽ കേരള ആരോഗ്യസർവ്വകലാശാലയുടെ കീഴിലേക്ക് മാറ്റപ്പെട്ടിരുന്നു. പ്രസ്തുത നിയമത്തിന് വിധേയമായി 2017-18 അദ്ധ്യയന വർഷം മുതൽ മറ്റ് സർവ്വകലാശാലകൾ പ്രസ്തുത കോഴ്സുകൾ നിർത്തലാക്കിയിരുന്നു. |
| (സി) | പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ ഏത് ഏജൻസി വഴിയാണ് നടത്തിയിരുന്നത്; വ്യക്തമാക്കുമോ; | (സി) | 2017-18 അദ്ധ്യയനവർഷം വരെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രോസ്പെക്ടസ് തയ്യാറാക്കുകയും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി/ പ്രവേശനപരീക്ഷാ കമ്മീഷൻ (കേരള) മുഖാന്തിരം പ്രവേശനം നടത്തുകയും ചെയ്തിരുന്നു. |
| (ഡി) | ആധുനിക ചികിത്സാരംഗത്ത് വളരെ പ്രാധാന്യമർഹിക്കുന്ന പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ഈ കോഴ്സുകൾക്ക് അനുയോജ്യമായ ജോലി സാധ്യതകൾ/ തസ്തികകൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ